[Mr. K. Govinda Menon]
ന്ധിച്ചു കമ്പനിനറക്കുടി ഡിസ്കഷൻ നടത്തിവരികയാണു്. അധികം താമസിയാതെ അതിന്റെ മാർഡർ പാസ്സാക്കുന്നതാണു്. സ്റ്റാൻഡർഡൈസിംഗ് വേണമെന്നുള്ള തത്വം അംഗീകരിച്ചിട്ടുണ്ടോ എന്നാണു് ഇവിടെ ചോദിക്കുകയുണ്ടായതു്. അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടു്. കഴിയുന്നതും അംഗീകരിച്ചിട്ടുണ്ടു് എന്നു മാത്രമാണു് ഗവണ്മെണ്ടിനു ഈ പ്രമേയത്തെപ്പറ്റി പറയുവാനുള്ളതു്. (ഹിയർ, ഹിയർ)

മിസ്റ്റർ പി. കുമാരൻ എഴുത്തശ്ശൻ: സ്റ്റാൻഡർഡൈസിംഗ് പേയ് വേണ്ടതാണെന്നുള്ള തത്വം ഗവണ്മെണ്ടു് അംഗീകരിച്ചിട്ടുണ്ടെന്നു. ഗവണ്മെണ്ടുഭാഗത്തുനിന്നും മറുപടിയുണ്ടായ സ്ഥിതിക്കു് ഈ പ്രമേയത്തിൽ പറയുന്ന കമ്മിറ്റിയുടെ ആവശ്യമില്ല. എനിക്കു് ഒന്നു മാത്രമേ പറയുവാനുള്ളു. അതായതു് അതു് അംഗീകരിച്ചു തരത്തിൽതന്നെ നടപ്പിൽ വരുത്തുവാനുംകൂടി ഒന്നു മനസ്സിരുത്തണം. കഴിയുന്നതും വേഗത്തിൽ അതിന്റെ ഫലം പുറത്തു വരുന്നതിനു്, കാലദൈർഘ്യം വരാത്തവിധത്തിൽ നമ്മുടെ മന്ത്രിമാരെല്ലാവരും ചേർന്നു നല്ല പൊടിയോടുകൂടി തലകുനിച്ചു സമ്മതിച്ചുകൊടുക്കണം. അതു് വേഗത്തിൽ കിട്ടുവാനുള്ള ജാഗ്രത കാണിക്കണം. അങ്ങിനെ ചെയ്യുമെന്നു വിശ്വസിച്ചുകൊണ്ടു് അനുവാദത്തോടുകൂടി ഈ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

Resolution, by leave, withdrawn

RESOLUTION No. 6

Appointment of Committee to enquire into and report on the steps to be taken for preventing water from remaining Stagnant in the lands

Mr. M. I. Paul (*Narakkal*): *"This Council recommends to Government to constitute a Committee to enquire and report on the steps to be taken so that nowhere in the lands should water be allowed to remain stagnant and outlet for water should be allowed by all land-holders either free or with costs as the case may be".* രാജ്യത്തിന്റെ നാനാ ഭാഗങ്ങളിലും നോക്കിയാൽ തോടുകളിലും ചില ചാനലുകളിലും എല്ലാം വെള്ളംകെട്ടി കിടക്കുന്നതു കാണാം. എന്നാൽ കടലോരപ്രദേശങ്ങളിലുള്ള പല ഭാഗങ്ങളിലും, പ്രത്യേകിച്ചും ഉപ്പുവെള്ളം കെട്ടികിടന്നു് ഇടങ്ങളിലുള്ള കൃഷികൾക്കും മറ്റും പലവിധ ദോഷങ്ങളും ധാരാളമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഒരുകാലമാണിതു്. ഒരു കൃഷിയുടമസ്ഥനു് അയാളുടെവക സ്ഥലത്തു കെട്ടിക്കിടക്കുന്നവെള്ളം കൃഷിക്കു ദോഷംവരാത്തവിധത്തിൽ അടുത്ത കൃഷിയുടമസ്ഥന്മാരുടെ സ്ഥലങ്ങളിൽകൂടി പുറത്തേക്കു വിടുകയുവാൻ അനുവദിക്കുന്നതിനു് അനുകൂലമായ മനസ്ഥിതിപലരിലും ഇല്ലാതെ വരുന്നുണ്ടു്. അങ്ങിനെയുള്ള ഭൂമിയുടമസ്ഥന്മാക്കു് അവരുടെ ഭൂമികളിൽ കെട്ടിക്കിടക്കുന്ന ഉപ്പുവെള്ളംവിടുകളഞ്ഞു് ഭൂമികൾ ശരിപ്പെടുത്തുന്നതിനു് സാധിക്കാതെ പല നഷ്ടങ്ങളും ഉണ്ടാകുന്നുണ്ടെന്നുള്ള പരാതി വളരെയാണു്. ഇതിൽ പ്രത്യേകിച്ചും നാളികേരകൃഷിക്കാക്കാണു് വളരെ നഷ്ടവും ബുദ്ധിമുട്ടുമുള്ളതു്. ഉപ്പുവെള്ളം കെട്ടികിടക്കുന്ന ഭൂമികളിൽ തെങ്ങിന്റെ ഓലകൾ പഴുക്കുകയും, നാളികേരം ഉണ്ടാകാതെ വരികയുംചെയ്യുന്നുണ്ടു്. ഇങ്ങിനെയുള്ള സ്ഥലങ്ങളിലെ ഭൂമിയുടമസ്ഥന്മാക്കു് അവരുടെ ഭൂമികളിൽ കെട്ടിക്കിടക്കുന്ന ഉപ്പുവെള്ളം ഒഴിഞ്ഞുകിട്ടുവാൻവേണ്ടി ഗവണ്മെണ്ടിൽനിന്നും ഒരു നിയമമുണ്ടാക്കണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്. അതിനുവേണ്ടി ഗവണ്മെണ്ടിൽനിന്നും ഒരു കമ്മിറ്റിയെ നിയമിക്കുകയും, ആ കമ്മിറ്റിയുടെ പ്രവർത്തനംകൊണ്ടു് കൊച്ചിരാജ്യത്തിന്റെ നാനാഭാഗങ്ങളിലും ചുറ്റിനടന്നു അന്വേഷണം നടത്തുവാനും അതിന്റെ ഫലമായി ഈവക വിഷമങ്ങളും മനസ്സിലാക്കിഅവക്കു് ശരിയായ ഒരു റിപ്പോർട്ടു സമർപ്പിക്കുവാനും സാധിക്കും. അങ്ങിനെയുള്ള ഒരു റിപ്പോർട്ടു വരുത്തി അതനുസരിച്ചു ഗവണ്മെണ്ടു പ്രവൃത്തിക്കേണ്ടതാണെന്നു നിർദ്ദേശിക്കുവാനായിട്ടാണു് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതു്.

*മിസ്റ്റർ പി. ടി. ജേക്കബ്: ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. കൃഷികൾക്കു പലയിടങ്ങളിലും ഉപ്പുവെള്ളംകയറി ദോഷം വരുന്നുണ്ടെന്നുള്ള ആക്ഷേപം പടിഞ്ഞാറൻ പ്രദേശങ്ങളിൽ വളരെയധികമുണ്ടു്. ഇതിനെസംബന്ധിച്ചു് എത്രതന്നെ ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽപെടുത്തിയിട്ടും ഇതുവരെയും യാതൊരു സമാധാനവും ഉണ്ടായിക്കാണുന്നില്ല. നാലായിര പറയോളം നിലം ഇപ്പോൾ മാത്രം കയറി കൃഷി നടത്തുവാൻ സാധിക്കാത്തവിധത്തിൽ ഇന്നും കുമ്പളങ്ങി വില്ലേജിലുണ്ടു്. അതിനു പരിഹാരമുണ്ടാക്കേണ്ട ചുമതല ഈ ഭ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണക്ഷാമകാലത്തു ഗവമ്മെണ്ടിനുണ്ടെന്നു് ഓമ്മപ്പെടുത്തേണ്ടിയിരിക്കുന്നു. അടുത്ത ബഡ്ജറ്റകാലത്തിലെങ്കിലും ഏറ്റവും അത്യാവശ്യമായതും ഒഴിച്ചുവെക്കുവാൻ നിവൃത്തിയില്ലാത്തതുമായ ഈവക കാര്യങ്ങൾക്കു സംഖ്യ കൊള്ളിക്കുവാൻ ഗവമ്മെണ്ടു് ശ്രദ്ധപതിപ്പിക്കണമെന്നു ഞാനപേക്ഷിക്കുന്നു. ഇവിടെ കൃഷിക്കമ്മിറ്റിക്കാരേയും, അതുപോലെയുള്ള മറ്റാളുകളേയും ഏല്പിച്ചുവരുന്ന ഈവക കാര്യങ്ങളിൽ അവരുടെ ശ്രദ്ധക്കുറവുകൊണ്ടോ അവക്കതിനുള്ള വൈക്ഷമ്യങ്ങൾകൊണ്ടോ എന്തോ ചിലപ്പോഴൊക്കെ ഈ വിധത്തിൽ സംഭവിക്കുന്നുണ്ടു്. കെട്ടി നിറുത്തിയാലും ചിറകൾ പൊട്ടിപ്പോകുന്നു. കഴിഞ്ഞ സെഷനിൽ ഞാനിവിടെ ഒരു പ്രമേയം അവതരിപ്പിക്കുകയും, ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ ഈവക കാര്യങ്ങൾപെടുന്നതാണെന്നു വാശ്വാനംചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിലും ഇന്നേവരെക്കും ഈവകകാര്യങ്ങളുടെ പ്രവർത്തനംപോലും തുടങ്ങീട്ടില്ല. കാണ്ക്രീറ്റകൾകൊണ്ടു ബണ്ടുകൾ കെട്ടുവാനും ഓരുവെള്ളം കയറി കൃഷിക്കു നാശമുണ്ടാകാത്തനിലയിൽ വെള്ളം ശരിക്കു ഒഴിഞ്ഞുപോകുവാനുമുള്ള സംരക്ഷണ ഗവമ്മെണ്ടു ചെയ്യേണ്ടിയിരിക്കുന്നുഎന്നു് ഉൽബോധിപ്പിച്ചുകൊള്ളുന്നതോടൊപ്പംബഡ്ജറ്റിൽ അതിലേക്കാവശ്യമുള്ള വക കൊള്ളിക്കണമെന്നുംകൂടി ഞാനപേക്ഷിച്ചുകൊള്ളുന്നു.

ചെയർമാൻ ജി. എസ്സ്. ധാരാസിംഹ്: ഈ പ്രമേയത്തെ ഞാനും അനുകൂലിക്കുന്നു. വലിയ അപകടമൊന്നും ഇല്ലാത്ത ഒരു പ്രമേയമാണിതു്. ഉടനടി ഇതു ചെയ്യണ്ടേതാണെന്നൊന്നും ഇതിൽ ആവശ്യപ്പെട്ടിട്ടില്ല. ഈ പ്രമേയത്തിൽ ഉപ്പുവെള്ളം കയറാതിരിക്കുവാൻ എന്തെല്ലാമാണു് ചെയ്യേണ്ടതെന്നന്വേഷിച്ചു കൃഷിരക്ഷക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻവേണ്ടി ഒരു കമ്മറ്റിയെ ഏർപ്പെടുത്തണമെന്നുമാത്രമെ ആവശ്യപ്പെട്ടിട്ടുള്ളു. ഇതിനു് ഗവമ്മെണ്ടിനു പണച്ചിലവുണ്ടാകുമെന്നുള്ള ഭയമുണ്ടെങ്കിൽ ഈ പ്രമേയകർത്താവിനേയും ഈ പ്രമേയത്തിൽ പറയുന്ന സംഗതി ആത്മാർത്ഥതയോടുകൂടി ചെയ്യാൻകഴിയുന്ന മറ്റാരുണ്ടുപേരേയും ഇതിനു ചുമതലപ്പെടുത്തിയാൽ ഗവമ്മെണ്ടിനു ഏറ്റവും ഉപകാരപ്രദമായ നിർദ്ദേശങ്ങൾ അവരിൽനിന്നു ലഭിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങിനെയൊന്നു പരീക്ഷിച്ചാൽ ഈ കാര്യം ഭംഗിയായി നടക്കുകയുംചെയ്യും. കമ്മിറ്റിയൊന്നും സ്ഥാപിക്കാതെതന്നെ കഴിക്കുകയും ചെയ്യാം. തീരപ്രദേശങ്ങളിൽ പലേസ്ഥലങ്ങളിലും ഓരുവെള്ളം കയറി എല്ലാ കൊല്ലങ്ങളിലും കൃഷി നശിച്ചുപോകുന്നതു് എനിക്കു നല്ലവണ്ണം മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. ഇതിനെപ്പറ്റി ഞാൻതന്നെ പലപ്പോഴും ഗവമ്മെണ്ടിലേക്കെഴുതി അയച്ചിട്ടുണ്ടു്. ചില സ്ഥലങ്ങളിലെല്ലാം മണ്ണുകൊണ്ടും കല്ലുകൊണ്ടും ബണ്ടുകൾ കെട്ടി നിറുത്തും. അതെല്ലാം ശക്തിയായ ഒഴുക്കുണ്ടാകുമ്പോഴെല്ലാം പൊട്ടിപ്പോകുന്നുണ്ടു്. പള്ളുരുത്തി പടിഞ്ഞാറുഭാഗം പത്തുമുന്നൂറേക്കർ ഭൂമി, കഴിഞ്ഞ ഒരു അഞ്ചെട്ടു പത്തു കൊല്ലങ്ങളായി യാതൊരുമണി നെല്ലും അവിടെനിന്നും കൊയ്യെടുക്കുവാൻ സാധിക്കാത്തനിയിൽ ആയിട്ടുണ്ടു്. എല്ലാക്കൊല്ലവും അവിടെ കൃഷികമ്മിറ്റി എന്നു പറയുന്ന ഒരു കമ്മിറ്റി കൂറെ ഉറപ്പിക പിരിച്ചെടുത്തു് ബണ്ടു കെട്ടും. അതു് രണ്ടോമൂന്നോ കഴിഞ്ഞാൽ പൊട്ടി അതുവഴി ഓരുവെള്ളം കയറി കൃഷി നശിയ്ക്കുന്നുണ്ടു്. നെൽകൃഷിമാത്രമല്ല നശിക്കുന്നതു്. ഉപ്പുവെള്ളം കെട്ടിനിന്നു് അവിടെയുള്ള അടയ്ക്കാ, തെങ്ങു് മുതലായ വൃക്ഷങ്ങളും കൂടി നശിയ്ക്കുന്നുണ്ടു്. ഇപ്പോഴും അങ്ങിനെയുള്ള നാശങ്ങൾ ധാരാളം ഉണ്ടു്. ബഹുമാനപ്പെട്ട മരാമത്തു മന്ത്രിയുടെ ശ്രദ്ധയിൽ അതു പെട്ടതുകൊണ്ടു് അവിടെ ചില പണികളെല്ലാം ഇപ്പോൾ നടത്തുന്നുണ്ടു്. കുമ്പളങ്ങി മുതൽ ചെല്ലാനംവരെയുള്ള സ്ഥലങ്ങളിൽ എല്ലാകൊല്ലവും ഓരുവെള്ളംകയറി കൃഷി നശിച്ചുപോകുന്നുവെന്ന സംഗതി അവതാരകൻ പറയുകയുണ്ടായി. ഞാനും അടുത്ത അവസരത്തിൽ എളങ്കുന്നപ്പുഴയ്ക്കുപോയിരുന്നപ്പോൾ ഉപ്പുവെള്ളം കയറിയതുകൊണ്ടുകൃഷിമാത്രമല്ല, എളങ്കുന്നപ്പുഴക്കു തെക്കുഭാഗത്തുള്ള ബോട്ടുകയറാൻ വരുന്നാരോഡുതന്നെ ഗതാഗതസൌകര്യമില്ലാത്തനിലയിൽ കിടക്കുന്നതായിട്ടാണുകണ്ടതു്. ഒരു പ്രസ്ഥത്തിൽനിന്നുതുടങ്ങുന്ന രണ്ടു മൂന്നു പ്രസ്ഥങ്ങളാണുള്ളതു്. ഒരു പ്രവൃത്തികൊണ്ടുമാത്രംതന്നെ ഗതാഗത സൌകര്യവുമുണ്ടാക്കാം. കൃഷിസ്ഥലങ്ങളേയും രക്ഷിക്കുവാൻ സാധിക്കും. വേണ്ടസമയത്തുചെയ്താൽ ചുരുങ്ങിയ ചിലവുകൊണ്ടു തീർക്കാവുന്ന കാര്യവുമാണു്. ഇതുകൊണ്ടു് പലഗുണങ്ങളും ഉണ്ടു്. കൊതുകുകളെ നശിപ്പിക്കുവാൻ സഹായിക്കും. പുഴുക്കളെ ഇല്ലാതാക്കുവാൻ സാധിക്കും. ആരോഗ്യമന്ത്രി ഇവിടെയില്ലാത്തതുകൊണ്ടു് ഞാൻ അധികമൊന്നും പറയുന്നില്ല. (ചിരി) ഇതും പ്രധാനകാര്യങ്ങളാണു്.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Choudhury G. S: Dhara Singh]

ഈയവസരത്തിൽ ഗവമ്മെണ്ടിനുണ്ടായേക്കാവുന്ന ഒരു തെറ്റിദ്ധാരണകൂടി ചൂണ്ടിക്കാണിക്കുവാനുണ്ട്. ഈ പ്രമേയകത്താവു് അത്രക്കു ആലോചിക്കാതെ കളങ്ങളിലും കിണറുകളിലുംകൂടി വെള്ളം കെട്ടിനില്ക്കുവാൻ പാടില്ലെന്ന അർത്ഥത്തിൽ പ്രമേയം എഴുതിയിട്ടുണ്ട്. പക്ഷെ അതിന്റെ ശരിയായ ഉദ്ദേശം മനസ്സിലാക്കി, വാക്കിന്മേൽ പിടിച്ചു മുടന്തൻ ന്യായം പറയുവാൻ ഒരുങ്ങരുതെന്നു ഞാൻ ഗവമ്മെണ്ടിനോടഭ്യർത്ഥിക്കുന്നു. അങ്ങിനെയുള്ള ഒരു അർത്ഥം ഇതിനില്ലെന്നു ഞാൻ ഗവമ്മെണ്ടിനു മുൻകൂട്ടിയുള്ള അറിവിന്നായി പറഞ്ഞുകൊള്ളുന്നു. മനുഷ്യർക്കു ഉപകാരപ്രദമായ സ്ഥലങ്ങളിൽ വെള്ളംകെട്ടി നിറുത്തണം. നിറുത്തുവാൻ പാടില്ലാത്ത സ്ഥലങ്ങളിൽ നിന്നാണു് ഒഴിച്ചുകളയേണ്ടതു്. ഉപ്പുവെള്ളംകയറി നാശമാകുന്നതു് അധികവും തീരപ്രദേശങ്ങളിലാണു്. മറ്റുള്ള സ്ഥലങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നതു് മഴയുടെ ആധിക്യംകൊണ്ടായിരിക്കാം വൈപ്പിൻ, ചെല്ലാനം മുതലായ സ്ഥലങ്ങളിലാണു് ഉപ്പുവെള്ളംകയറി അധികം നാശമുണ്ടാകുന്നതു്. ഇപ്പോൾ ചെറിയൊരു പ്രദേശംമാത്രമെ സൂക്ഷിക്കുവാനുള്ളു. ഈ പ്രദേശങ്ങളെല്ലാം ചുറ്റിനടന്നു് ഏതെല്ലാം പാടങ്ങളിലും പറമ്പുകളിലും ഉപ്പുവെള്ളം കെട്ടിനില്ക്കുന്നതെന്നാന്വേഷിക്കുവാനുള്ളഭാരം M. L. C- മാരെ മാത്രം ഏല്പിച്ചാൽ മതി. ബഹുമാനപ്പെട്ട മരാമത്തുമന്ത്രിയും ആ വസ്തുതകരയിൽനിന്നാണു വരുന്നതു്. വേറെ പത്തു പന്ത്രണ്ടു മെമ്പർമാരും ഈ തീരപ്രദേശങ്ങളിൽനിന്നുവരുന്നവരാണു്. അവരെ ഈ ഭാരം ഏല്പിച്ചാൽ വലിയ ചിലവൊന്നുംകൂടാതേയും കമ്മിറ്റിയൊന്നുംകൂടാതെയും അവർ കാര്യങ്ങൾ നടത്തികൊള്ളും. ബഡ്ജറ്റു തയ്യാറാക്കുമ്പോൾ വളരെ കുറവായ ഒരു സംഖ്യമാത്രം കൊള്ളിച്ചാൽമതി. അതിനുശേഷം ഇങ്ങിനെയുള്ള ആവലാതികളൊന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല. അതുകൊണ്ടു ഈ കാര്യത്തിൽ ഗവമ്മെണ്ടു ശ്രദ്ധ പതിപ്പിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : On a point of information Sir, ആ പ്രദേശങ്ങളിൽനിന്നു വരുന്ന മെമ്പർമാർ ഉണ്ടെന്നു പറഞ്ഞുവല്ലൊ. ആ സ്ഥിതിയ്ക്കു് ഈ കൌൺസിലിൽനിന്നു ഒരു കമ്മിറ്റി വെക്കാതെ അവർ തന്നെ ഇതു ചെയ്താൽ പോരേ?

ചൌധരി ജി. എസ്സ്. ധാരാസിംഗ് : ഗവമ്മേണ്ടു് ആ എം. എൽ. സി. മാരോടു് ഒന്നഭ്യർത്ഥിച്ചാൽ മതി. അവർ അവരുടെ പ്രദേശങ്ങളിലുള്ള കൃഷിസ്ഥലങ്ങളുടേയും വെള്ളം കെട്ടിനിന്നു നിലങ്ങൾ നാശമാകുന്നതിന്റേയും വിശദ വിവരങ്ങൾ നൽകും.

*മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള തത്വം ഗവമ്മേണ്ടിനു സ്വീകരിക്കുവാൻ യാതൊരു വിരോധവുമില്ല. കൊച്ചീരാജ്യത്തിന്റെ നാനാഭാഗങ്ങളിലും നോക്കുകയാണെങ്കിൽ വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങൾ ധാരാളമുണ്ടെന്നു കാണാം. അതുമൂലം തെങ്ങിന്നും മറ്റു കൃഷികൾക്കും കേടുവരുന്നുണ്ടെന്നുള്ള സംഗതി ഗവമ്മേണ്ടിന്നറിയാം. എന്നാൽ കൊച്ചീരാജ്യത്തു ഏതെല്ലാം സ്ഥലങ്ങളിലാണു് വെള്ളം കെട്ടിനില്ക്കുന്നതെന്നന്വേഷിച്ചു് ഒരു റിപ്പോർട്ടു തയ്യാറാക്കുവാൻ വേണ്ടീട്ടു് ഒരു വലിയ സംഖ്യ ചിലവാക്കുവാൻ ഒരു പ്രകാരത്തിലും ഗവമ്മേണ്ടിന്നു സാദ്ധ്യമല്ല. പക്ഷെ തീരപ്രദേശങ്ങളിൽ രക്ഷ ചെയ്യേണ്ടതു് ആവശ്യമാണു്. ഏതെങ്കിലും ചില കാരണത്താലാണു് എവിടെയെങ്കിലും ആ പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിനാശമുണ്ടാകുന്നതെന്നു വെച്ചാൽ അതിന്നു് അപ്പോഴപ്പോൾ വേണ്ട പരിഹാരമുണ്ടാക്കാമെന്നല്ലാതെ രാജ്യം മുഴുവനുമുള്ള സ്ഥലങ്ങളിൽ വെള്ളം കെട്ടി നിൽക്കുന്നതുകൊണ്ടുള്ള ദോഷം പരിഹരിക്കുവാൻ പ്രയാസമാണു്. അതുകൊണ്ടു് അതിലേക്കു പ്രത്യേക കമ്മിറ്റികളും വെച്ചു റിപ്പോർട്ടു വരുത്തി അതനുസരിച്ചു പ്രവൃത്തിക്കുവാൻ ഗവമ്മേണ്ടിനു സാദ്ധ്യമല്ല. ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തു അങ്ങിനെയുള്ള ദോഷങ്ങളുണ്ടാകുന്നുണ്ടെന്നു് ഗവമ്മേണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തിയാൽ അതിന്നു നിവാരണമാർഗ്ഗമുണ്ടാക്കിക്കൊടുക്കേണ്ട ആവശ്യമുണ്ടു്.

അതുകൊണ്ടു് ബഹുമാനപ്പെട്ട ഞാറക്കൽ മെമ്പറോടു പറയുവാനുള്ളതു് ഈ പ്രമേയത്തിന്റെ സാരം ഗവമ്മേണ്ടു് സ്വീകരിക്കുന്നുണ്ടു്; പക്ഷെ എവിടെയാണു് ആവശ്യം, എന്നു പറഞ്ഞാൽ അതു ചെയ്യുവാൻ ഗവമ്മേണ്ടു തയ്യാറുണ്ടു്എന്നാണു്.

മിസ്റ്റർ എം. ഐ. പോൾ : സർ, ഏതെല്ലാം സ്ഥലങ്ങളിലാണു് ആവശ്യമുള്ളതെന്നു പറഞ്ഞാൽ അവിടെ വേണ്ടതു പ്രവൃത്തിക്കാമെന്നാണു് ബഹുമാനപ്പെട്ട മന്ത്രിയവർകൾ ഉറപ്പു നൽകിയതു്. എന്റെ അറിവിൽ പല സ്ഥലങ്ങളിലും ഇങ്ങിനെയുള്ള വിഷമങ്ങളു

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്". ഇങ്ങിനെയുള്ള പ്രദേശങ്ങളിലെ കൃഷികളെല്ലാം തന്നെ, പ്രത്യേകിച്ച് നെൽകൃഷി ഇതുകൊണ്ടു നാശമോശപ്പെട്ട പോകുന്നുണ്ട്. മേലാൽ അങ്ങിനെയുള്ള സംഗതികളിൽ ശ്രദ്ധ വെച്ചുകൊള്ളാമെന്നു ബഹുമാനപ്പെട്ട മന്ത്രിയവർകൾ ഉറപ്പു നൽകുന്നതുകൊണ്ട് ഞാൻ ഈ പ്രമേയം പ്രസ്സ് ചെയ്യണമെന്നു വിചാരിക്കുന്നില്ല. ഈ കാര്യത്തിൽ ഉടനടി ഗവൺമെണ്ട് വേണ്ട നടപടികൾ നടത്തുമെന്നുള്ള ഉറപ്പു തരുന്നുണ്ടെങ്കിൽ ഈ പ്രമേയം പിൻവലിക്കാൻ എനിക്കു യാതൊരു വിരോധവുമില്ല. ഏതു തരത്തിലായാലും ബഹുമാനപ്പെട്ട മന്ത്രി അവർകളുടെ ഉറപ്പിനെ ആശ്വാസ്യമായ ഒന്നായി വിശ്വസിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.*

Resolution, by leave, withdrawn

RESOLUTION No. 7

Need for the Conversion of Depressed class co-operative credit sccieties into Agricultural and Commercial Societies.

മിസ്റ്റർ കെ. കെ. കണ്ണൻ: "അധഃകൃതനായ പരസ്പരസഹായ സംഘങ്ങളെ കഴിവുള്ളിടത്തോളം കാർഷികമോ, വ്യവസായികമോ ആയ പരസ്പരസഹായ സംഘങ്ങളായി രൂപാന്തരപ്പെടുത്തുവാനും ടി സംഘങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാൻ നിശ്ചിതകാലാവധിക്കുള്ളിൽ തിരിയെ പല തവണകളായി അടച്ചു തീർക്കത്തക്ക വ്യവസ്ഥകളോടുകൂടി സംഘങ്ങൾക്കു ദീർഘകാലകടം വായ്പകൾ അനുവദിച്ചുകൊടുപ്പാനും ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു ശുപാർശചെയ്യുന്നു." സർ, ഈ പ്രമേയത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഇതിനു പ്രധാനമായി രണ്ടു മൂന്നുകാരണങ്ങളുണ്ട്. അധഃകൃത പരസ്പരസംഘങ്ങൾ അധഃകൃതരുടെയിടയിൽ സ്ഥാപിച്ചു നടത്തുവാൻ തുടങ്ങിയിട്ടു എത്രയോ വർഷങ്ങൾ കൊള്ളത്തോളമായിട്ടുണ്ട്. ഈ കാലങ്ങൾക്കുള്ളിൽ ഈ പ്രസ്ഥാനം അധഃകൃതരുടെയിടയിൽ പുരോഗതി പ്രാപിച്ചുവരുന്നതായിട്ടല്ല അധപതിച്ചുവരുന്നതായിട്ടാണനുഭവം കൊണ്ടുകാണുന്നതു്. ഇതിന്റെ പ്രധാനകാരണങ്ങൾ എന്തെല്ലാമാണെന്നു് ഈ സഭയുടെയും ഗവൺമെണ്ടിന്റേയും ശ്രദ്ധയിൽപെടുത്തേണ്ടതു് ഏറ്റവും അത്യാവശ്യമാണെന്നു വിചാരിച്ചാണു് ഇതു് ഇവിടെ അവതരിപ്പിക്കുന്നതു്. ഒന്നാമതായി ഈ സംഘത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി മുഴുവൻ സമയവും ജോലിനോക്കുന്ന ഉദ്യോഗസ്ഥന്മാർ ഇല്ലെന്നുള്ളതാണു് ഇതിന്റെ അധഃപതനത്തിനു ഒരു കാരണം. അധഃകൃതരിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള വ്യക്തികൾ പലരുമുണ്ടെങ്കിലും ത്യാഗമനുഭവിക്കുന്ന സന്മനസ്സോടുകൂടി ഓരോ സംഘങ്ങളേയും പ്രവൃത്തി പദ്ധതിയിൽ കൊണ്ടുവരുന്നതിനു് ത്യാഗസന്നദ്ധരായിട്ടുള്ള യുവാക്കന്മാർ വളരെ കുറവായിട്ടാണു കാണുന്നതു്. ഇതിനു് അവരേയും കുറ്റം പറഞ്ഞിട്ടു കാര്യമില്ല. മുഴുവൻ സമയവും വേലചെയ്യുന്ന സിക്രട്ടറിമാർ പരസ്പരസഹായ സംഘങ്ങളിൽ ഉണ്ടെങ്കിലല്ലാതെ ഈ സംഘങ്ങൾ പുരോഗമിക്കുകയില്ല എന്നുള്ളതാണു്; അല്ലെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കയില്ല എന്നുള്ളതാണു പരമാർത്ഥം. അതല്ലാതെ ത്യാഗമനുഭവിക്കുവാൻ മനസ്സില്ലാത്തതുകൊണ്ടുള്ള മാറ്റമാണെന്നു വിശ്വസിക്കാൻ നിവൃത്തിമില്ല. അതുപോലെ മറ്റൊന്നു് ഈ സംഘങ്ങൾക്കുവേണ്ടി യാതൊരു പ്രതിഫലവും കൂടാതെ മുഴുവൻ സമയവും ജോലിചെയ്യാനുള്ള ആളുകൾ ഇന്നു കാണുകയില്ല എന്നുള്ളതാണു്.

അധഃകൃതപരസ്പരസഹായ സംഘങ്ങളെല്ലാം തന്നെ—മിക്കതും—നാണയ പരസ്പരസഹായ സംഘങ്ങളാണു്. രണ്ടു മൂന്നു വ്യവസായ സംഘങ്ങൾമാത്രമാണു് ഇന്നു് അധഃകൃതരുടെയിടയിൽ പ്രവർത്തനം നടത്തുന്നതു്. ബാക്കിയുള്ളവ അംഗങ്ങൾ തമ്മിൽ തമ്മിൽ ജാമ്യം നിന്നു് പണം കടമെടുക്കുന്ന വ്യാപാരം മാത്രമാണു് നടത്തിക്കൊണ്ടിരിക്കുന്നതു്. പണം കടമെടുത്തു കഴിഞ്ഞാൽ അതു് ഗഡുവനുസരിച്ചു് അടച്ചു തീർക്കുന്നതിനു സാധിക്കാത്ത പരിതസ്ഥിതിയാണു് ഇന്നു് അധഃകൃതർക്കുണ്ടായിരിക്കുന്നതു്. ഈ പരിതസ്ഥിതി വളരെ മൂർദ്ധന്യത്തിലെത്തിയിരിക്കുകയാണു്. ഇന്നത്തെനിലവെച്ചു നോക്കുകയാണെങ്കിൽ സ്റ്റാന്റേർഡ് ഓഫ് ലിവിംഗ് ഉയർന്നില്ലെന്നുണ്ടെങ്കിലും രണ്ടു മൂന്നുകൊല്ലം മുമ്പു് കടുത്ത ദാരിദ്ര്യവും പട്ടിണിയുമാണു് നാടൊട്ടാ

---

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly